ദേശാഭിമാനി
28 November 2017

# രാജ്യാന്തര സഫാരി സമ്മേളനം: യുവഗവേഷകർക്ക് അപേക്ഷിക്കാം

**കൊച്ചി** > കേന്ദ്ര സമുദ്രമത്സ്യ ഗവേഷണസ്ഥാപനത്തിന്റെ (സിഎംഎഫ്ആർഐ) നേതൃത്വത്തിൽ ജനുവരി 15 മുതൽ 17 വരെ കൊച്ചിയിൽ നടക്കുന്ന രണ്ടാമത് രാജ്യാന്തര സഫാരി സമ്മേളനത്തിൽ പ്രബന്ധം അവതരിപ്പിക്കുന്നതിന് യുവഗവേഷകർക്ക് സാമ്പത്തികസഹായം നൽകുന്നു. വിദ്യാർഥികൾ, ഗവേഷകർ, അധ്യാപകർ എന്നിവരിൽനിന്ന് തെരഞ്ഞെടുക്കപ്പെടുന്നവർക്ക് രജിസ്ട്രേഷൻഫീസ് ഇളവുനൽകും. ഏറ്റവും മികച്ച പ്രബന്ധം സമർപ്പിക്കുന്നവരുടെ യാത്രാ-താമസ ച്ചെലവുകൾക്ക് സാമ്പത്തികസഹായവും നൽകും. നോർവെ ആസ്ഥാനമായുള്ള നാൻസൻ സയന്റിഫിക് സൊസൈറ്റിയാണ് സാമ്പത്തികസഹായം നൽകുന്നത്. safari2.secretariat@gmail.com എന്ന വിലാസത്തിലേക്ക് പ്രബന്ധത്തിന്റെ ചുരുക്കവും ബയോഡാറ്റയും നവംബർ 30നകം അപേക്ഷിക്കണം.

ഉപഗ്രഹസാങ്കേതികവിദ്യ ഇന്ത്യൻ മത്സ്യമേഖലയിൽ എങ്ങനെ ഉപയോഗപ്പെടുത്താമെന്നതിന് രൂപരേഖ തയ്യാറാക്കുകയാണ് സമ്മേളനത്തിന്റെ പ്രധാനലക്ഷ്യം. ഐഎസ്ആർഒ, സിഎസ്ഐആർ, ഐസിഎആർ, നാൻസൻ എൻവയൺമെന്റ് റിസർച്ച് സെന്റർ തുടങ്ങിയ സ്ഥാപനങ്ങളുടെയും സർവകലാശാലകളുടെയും സഹകരണത്തോടെയാണ് സമ്മേളനം. യുകെ, നോർവെ, ഈജിപ്ത്, വിയറ്റ്നാം, ഘാന, ടാൻസാനിയ, ഐവറികോസ്റ്റ് തുടങ്ങിയ രാജ്യങ്ങളിൽനിന്നുള്ള പ്രതിനിധികളും പങ്കെടുക്കും. വിവരങ്ങൾ www.safari2.org.in എന്ന വെബ്സൈറ്റിൽ ലഭിക്കും.